# തിരുവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ നടപടി ഉത്തരവ്

(സാന്നിദ്ധ്യം: വി.എസ്. ജയകുമാർ)

## സംഗ്രഹം

Pay revision anomaly – തിരുവിതാംകൂർ ദേവസ്വം ബോർഡ് ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർക്ക് ഗവൺമെന്റ് ഉത്തരവ് പ്രകാരമുള്ള ശമ്പള സ്കെയിൽ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC 7273 /16/Est-1** നന്തൻകോട്, 14 /03/2016

---

പരാമർശം :- 1) 01-07-2011 ലെ ROC 2000/11/Est-1 നമ്പർ ബോർഡുത്തരവ്.
2) 09-02-2012 ലെ ROC 2000/11/Est-1 നമ്പർ ബോർഡുത്തരവ്.
3) G.O. (P) No. 193/12/(60)/Fin. dated 29-03-2012.
4) സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ട്മെന്റ് ജോയിന്റ് ഡയറക്ടറുടെ 31-07-2012 ലെ LFTDB 12/1217/2012 നമ്പർ കത്ത്.
5) ബഹു: ഹൈക്കോടതിയുടെ 18-11-2015 ലെ DBAR 9/2012 നമ്പർ ഉത്തരവ്.

## ഉത്തരവ്

01-07-2009 മുതൽ പ്രാബല്യം നൽകിക്കൊണ്ടുള്ള 9 -ാം ശമ്പള പിരഷ്ക്കരണ ഉത്തരവ് പരാമർശം ഒന്നായി ബോർഡിൽ പ്രാബല്യത്തിൽ വരുത്തി. അയതുംപ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നീ വിഭാഗങ്ങൾക്ക് ₹ 29180-43640 ശമ്പള സ്കെയിൽ അനുവദിച്ചു. തുടർന്ന് സർക്കാർ പരിഷ്ക്കരിച്ചക്രമം എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് പരാമർശം 2 പ്രകാരം ₹ 36140 - 49740 ശമ്പള സ്കെയിൽ അനുവദിച്ചു.

ഇതിനെ തുടർന്ന് സർക്കാർ പരാമർശം 3 ആയി പുറപ്പെടുവിച്ച ഉത്തരവും പ്രകാരമുള്ള ശമ്പളസ്കെയിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്ക് ബാധകമാക്കണമെന്ന് ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർ ആവശ്യം ഉന്നയിക്കുകയും ഇക്കാര്യം കേരള സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ടുമെന്റിന്റെ അഭിപ്രായത്തിന് വിടുകയും ചെയ്തിരുന്നു.

ഇക്കാര്യം സംബന്ധിച്ച് കേരള സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ടുമെന്റിന്റെ മറുപടിയിൽ ബോർഡിലെ ശമ്പള പരിഷ്ക്കാരം സംബന്ധിച്ച് സ്പെഷ്യൽ ആഡിറ്റ് റിപ്പോർട്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുള്ളതിനാൽ കോടതി തീരുമാനം അനുസരിച്ച് മുന്നോട്ടു പോകുന്നതാകും എന്നറിയിച്ചു (പരാമർശം - 4).

ബോർഡ് ജീവനക്കാരുടെ നിയമനം, ശമ്പളസ്കെയിൽ അനുവദിക്കൽ, സർവ്വീസ് കണ്ടിഷൻസ് നിജപ്പെടുത്തൽ എന്നിവയെല്ലാം ബോർഡിന്റെ നയപരമായ കാര്യങ്ങളിൽപ്പെടുന്നവയാണെന്നും ബോർഡിന്റെ പ്രവർത്തനങ്ങൾക്ക് ബോർഡിന് പ്രായോഗിക തീരുമാനമെടുക്കുന്നതിന് അധികാരമുള്ളതിനാൽ പരാമർശം 4 സ്പെഷ്യൽ റിപ്പോർട്ടിന്മേൽ നടപടിയൊന്നും വേണ്ടതില്ലെന്നും ബഹു: ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചു (പരാമർശം -5).

(മറുപുറം)

എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് revised scale അനുവദിച്ചതും ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്ക് revised scale അനുവദിക്കാതിരുന്നത് അസം തൃപ്തിക്കിടയാക്കിയിട്ടുള്ളതാണെന്ന ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ടും ബോർഡ് വിശദമായി പരിശോധിച്ച് 01-07-2009 പ്രാബല്യത്തിൽ 36140 - 49740 എന്ന സ്കെയി ലിൽ പരാമർശം 3 സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ചത് തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്കും ബാധകമാക്കാമെന്ന് ബോർഡ് തീരുമാനിച്ചു.

ഈ സാഹചര്യത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാരുടെ ശമ്പള സ്കെയിൽ ₹ 36140 - 49740 ഉം പ്രസ്തുത തസ്തികയുടെ ഹയർ ഗ്രേഡിന് ₹ 40640 - 57440 സ്കെയിലും 01-07-2009 പ്രാബല്യ ത്തിൽ അനുവദിച്ച് ഉത്തരവാകുന്നു. 2016 മാർച്ച് വരെയുള്ള തുക പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനും 01-04-2016 മുതലുള്ളത് ശമ്പളത്തോടൊപ്പം നൽകുന്ന തിനും തീരുമാനിച്ച് ഉത്തരവാകുന്നു.

അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ കേഡറിലെ ഉദ്യോഗസ്ഥർക്ക് അനുവദി ച്ചിട്ടുള്ള ₹ 20740-36140 ശമ്പള സ്കെയിൽ revise ചെയ്ത് ₹ 21240-37040 ആക്ക ണമെന്ന ആവശ്യം മുൻപ് ബോർഡ് പരിഗണിച്ച് process ചെയ്തിട്ടില്ലാത്തതിനാൽ ആയത് ഇപ്പോൾ പരിഗണിക്കേണ്ടതില്ലാ എന്നും തീരുമാനിച്ചുത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

**സെക്രട്ടറി**

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ജോയിന്റ് ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ട്മെന്റ്, തിരുവിതാംകൂർ ദേവസ്വം ബോർഡ്
3. ലാ ആഫീസർ
4. ലെയ്സൺ ആഫീസർ, എറണാകുളം
5. സെക്ഷൻ ഫയൽ
6. ഫയൽ ബുക്ക്
7. ഫെയർ ആഫീസ് കോപ്പി.

SK